year we are doing the same to the Pudukad-Mupliam Road. I shall go into this question of metalling this road also and I shall take the necessary action in this regard.

Mr Paramel Ipe Ipe *(Kunnamkulam)*: If I may take the reply of the Hon'ble Member for Engineering as an assurance that the work will be taken up soon, I beg leave of the House to withdraw my motion.

Cut Motion, by leave, withdrawn

CUT MOTION NO. 18

Nationalisation of transport

മിസ്റ്റർ പി. കെ. ഡീവർ: സർ, ഇന്ന ഭരണാദർം സംബന്ധമായ കായ്യങ്ങളിൽ പല അഭിപ്രായങ്ങളും, പലവിധ മാറങ്ങളും വന്നിട്ടുണ്ട്. നമ്മുടെ ഗവമ്മെണ്ടു് കുറെ നികുതി പിരിക്കുക, അതു് പിരിച്ചെടുക്കുവാൻവണ്ടി കുറെ ഉദ്യോഗസ്ഥന്മാരെ വെക്കുക, പോരയും ചില ആവശ്യങ്ങൾക്കുവേണ്ടി കുറെ ഉദ്യോഗസ്ഥന്മാരെ വെക്കുക അവക്കു് ശമ്പളം കൊടുക്കുക, ഇതു് മാത്രമാണു് ഗവമ്മെണ്ടിന്റെ കടമ എന്ന കരുതുന്നു. മഹാരാജാവു് തിരുമനസ്സിലെ ഗവമ്മെണ്ടിന്റെ ആദർം തിരുമനസ്സിലെ പ്രജാവിഭാഗങ്ങളുടെ ജീവിതസൌകയ്യങ്ങൾ വർദ്ധിപ്പിച്ചു അവരുടെ ജീവിതം കാമ്യമായ ഒന്നാക്കിത്തീർക്കുകയെന്നുള്ളതാണു്. എന്നാൽ ഇന്ന നാം പോകുന്ന വഴിയിൽകൂടി എത്രകാലം പോയാലാണു് ആ ആദർത്തിൽ എത്തിച്ചേരുവാൻ സാധിക്കുക എന്നറിഞ്ഞുകൂടാ. ഈ നിലയിലുള്ള ഒരു പഴഞ്ചൻ സമ്പ്രദായത്തിൽകൂടി നാം മുന്നോട്ടു പോകയാണെങ്കിൽ മഹാരാജാവു് തിരുമനസ്സിലെ ജനങ്ങളുടെ ജീവിതം കാമ്യമാക്കിത്തീർക്കുവാനും, അഭിലഷണീയമാക്കുവാനും സാധ്യമല്ല. നമ്മുടെ ധനകായ്യമെമ്പർ ബഡ്ജറ്റു് അവതരിപ്പിച്ചുകൊണ്ടു ഇപ്പോഴുള്ള വരുമാനം ഇനി പിന്നാക്കം പോയേക്കാനിടയുണ്ടു് എന്നിവിടെ പറയുകയുണ്ടായി. നമ്മുടെ ജനങ്ങളുടെ ആവശ്യങ്ങൾ ഇന്നത്തെ നിലയിൽ വളരെ ചുരുങ്ങിയ രീതിയിലെ നടത്തുവാൻ സാധിക്കയുള്ളു. ജനങ്ങളുടെ എല്ലാവിധ ആവശ്യങ്ങളും ശരിയായി സാധിക്കണമെന്നുണ്ടെങ്കിൽ അതിനു ധാരാളമായിട്ടു പണം ആവശ്യമുണ്ടു്. ഇതുവരെ സാധിച്ചിട്ടുള്ള വളരെ നിസ്സാരവും, സാധിക്കുവാനിരിക്കുന്നതു് വളരെയധികവുമാണു്. അതുകൊണ്ടു് ജനങ്ങളുടെ ജീവിതം കാമ്യമാക്കുവാൻ ഗവമ്മെണ്ടിനു് വളരെയധികം പണം വേണം. അങ്ങിനെ ഗവമ്മെണ്ടിന്റെ വരുമാനത്തെ വർദ്ധിപ്പിച്ചു് ജനങ്ങളുടെ ജീവിതം കാമ്യവും അഭിലഷണീയവുമായ ഒന്നാക്കിത്തീർക്കുവാനായിട്ടുള്ള ഒരു പദ്ധതിയെന്നോണമാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടു വന്നിട്ടുള്ളതു്.

ഇതുമൂലം ഞാനാവശ്യപ്പെടുന്നതു് ഗവമ്മെണ്ടു് ട്രാൻസ്പോർട്ടു് ഏറെടുക്കണമെന്നാണു്. ഗവമ്മെണ്ടു് ട്രാൻസ്പോർട്ടു് ഏറെടുക്കണമെന്നു പറയുമ്പോൾ ഇപ്പോഴുള്ള സ്വകായ്യവ്യക്തികളുടെ ട്രാൻസ്പോർട്ടു് നശിപ്പിച്ചു ആ സ്ഥാനത്തു ഗവമ്മെണ്ടുവക ട്രാൻസ്പോർട്ടുകൾ നടപ്പാക്കണമെന്ന അർത്ഥം വരുന്നില്ല. സ്വകായ്യവ്യക്തികൾ അവരുടെ പ്രവർത്തനം തുടർന്നു നടത്തിക്കൊള്ളട്ടെ. പ്രധാന വഴികളിലും—റോഡുവഴികളും പുഴവഴികളും—ഉള്ള ട്രാൻസ്പോർട്ടുകൾ ഗവമ്മെണ്ടിൽനിന്നു ഏറെടുത്തു നടത്തണം. ഇതു് ഫലപ്രദമായി നടത്തുവാൻ കഴിയുമെന്നുള്ളതിനു അയൽരാജ്യംതന്നെ ഉദാഹരണമാണു്. വാണിജ്യപരമായും വ്യവസായപരമായും ഉള്ള നിലയിൽ അവയുടെ വളർച്ചക്കും, അഭിവൃദ്ധിക്കും ഇങ്ങിനെയുള്ള സമ്പ്രദായം ഗവമ്മെണ്ടു് സ്വീകരിക്കുന്നതു് വളരെ പ്രയോജനകരമായിരിക്കും. ഇന്ന സമൂഹത്തിന്റെ നടുവിൽ ദാരിദ്ര്യമനുഭവിക്കുന്ന ഒരു സമ്പ്രദായമാണു് നാം കണ്ടുകൊണ്ടിരിക്കുന്നതു്. നമ്മുടെ നാട്ടിൽ ഒരു ഭാഗത്തു വിഭവങ്ങൾ ധാരാളമായി കുന്നുകൂടിയിരിക്കുമ്പോൾ, കൈവശമുള്ളവക്കുതന്നെ അതനുഭവിക്കുവാൻ സാധിക്കാതെ വരുമ്പോൾ അടുത്ത ഭാഗത്തുള്ള ആളുകൾ പട്ടിണികിടന്നു മരവിച്ചു മരിക്കുന്ന ദയനീയമായ കാഴ്ച നമുക്കു നിത്യമായി കാണുവാൻ കഴിയുന്നതാണു്. വിഭവങ്ങൾ വർദ്ധിച്ചാൽ മാത്രംപോരാ, എല്ലാ ആളുകൾക്കും സമമായി വിതരിക്കുകയും വേണം. വിഭവങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം രാജ്യം മുന്നോട്ടു പോവുകയില്ല. ആ വിഭവങ്ങൾ ജനങ്ങൾക്കു സമമായി വിതരണം ചെയ്യുന്ന കായ്യത്തിലാണു് ഗവമ്മെണ്ടിന്റെ പ്രധാന കടമ ഇരിക്കുന്നതു്. അപ്പോൾ മാത്രമെ ഗവമ്മെണ്ടിനു് ജനക്ഷേമം പുലർത്തുവാൻ സാധിക്കുകയുള്ളു. അങ്ങിനെ ചെയ്യണമെങ്കിൽ വിഭവോല്പാദനം സമൂഹത്തിന്റെ പൊതുവെയാകണം. ട്രാൻസ്പോർട്ടു് അതിന്റെ ആദ്യപടിയായി എടുക്കണം എന്നതെ ഞാനിപ്പോൾ ആവശ്യപ്പെടുന്നതു്. ട്രാൻസ്പോർട്ടു ഗവമ്മെണ്ടു് ഏറെടുക്കുന്നതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക വളരെ സൌകര്യങ്ങളുണ്ട്. വാസ്തവത്തിൽ ഗവണ്മെണ്ടിനു വലിയതരത്തിലുള്ള ട്രാൻസ്പോർട്ടുകൾ ഇവിടെ നടപ്പാക്കുവാൻ സാധിക്കും. ട്രാൻസ്പോർട്ട് ആവശ്യത്തിനു ഇപ്പോൾ ചെറിയ ചെറിയ ബോട്ടുകൾ ഉപയോഗിക്കുന്നതുകൊണ്ടു് പല അപകടങ്ങളും നേരിടുന്നുണ്ട്. ലാഭം മാത്രമാണു് ബോട്ടുകാർ നോക്കുന്നതു്. വ്യക്തികൾ നടത്തുന്ന ട്രാൻസ്പോർട്ടുകൾ വേലക്കാർക്കു കുറഞ്ഞ കൂലികൊടുത്തു നാട്ടുകാരെ കബളിപ്പിച്ചു അമിതലാഭം എടുക്കുവാൻവേണ്ടി നടത്തുന്നതാകകൊണ്ടു് അവർ വെറും ലാഭത്തെ മാത്രമെ പ്രധാനമായി കണക്കാക്കുകയുള്ളു. വാസ്തവത്തിൽ അവർ ജനങ്ങളുടെ ക്ഷേമത്തേയല്ലനോക്കുന്നതു്, ജനങ്ങളിൽനിന്നും എത്രമാത്രം ലാഭമെടുക്കുവാൻ കഴിവുണ്ടെന്നാണു് അവർ ആലോചിക്കുന്നതു്. അങ്ങിനെയുള്ള ഉദ്ദേശത്തോടുകൂടിയുള്ള ട്രാൻസ്പോർട്ടിന്റെ പ്രവർത്തനം ജനക്ഷേമത്തിനു പ്രയോജനപ്പെടുകയില്ല. അതല്ലാ ഗവണ്മെണ്ടു് നടത്തുമ്പോൾ, ലാഭത്തേക്കാൾ പ്രധാനമായി ജനക്ഷേമത്തേയും ജനങ്ങളുടെ സൌകര്യങ്ങളേയുമായിരിക്കും കൂടുതൽ കണക്കാക്കുന്നതു്. ഗവർമ്മെണ്ടിന്റെ ലക്ഷ്യം ജനങ്ങളുടെ സൌകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുമാത്രമായിരിക്കുമല്ലൊ. ജനങ്ങളുടെ ക്ഷേമം കാക്കേണ്ട പ്രധാന ചുമതല ഗവർമ്മെണ്ടിനുള്ളതാണല്ലൊ. അതുകൊണ്ടു് ട്രാൻസ്പോർട്ടുകളെല്ലാം ഗവർമ്മെണ്ടു് ഏറ്റെടുത്താൽ ഇപ്പോഴുള്ള അസൌകര്യങ്ങൾ കൂടാതെ കഴിക്കുവാൻ സാധിക്കും. കോട്ടപ്പുറം മുതൽ എറണാകുളംവരെയുള്ള ബോട്ടുസർവ്വീസു് ഗവർമ്മെണ്ടു് ഏറ്റെടുത്തു നടത്തുകയാണെങ്കിൽ ഇന്നുള്ളതുപോലെ ബോട്ടുകൾ പലദിക്കിലും ഉറച്ചുപോകാനിടവരികയില്ല. പി. ഡബ്ലിയു. ഡി. യോ, കനാൽ ഡിപ്പാർട്ടുമെന്റോ ആരായാലും ഇക്കാര്യത്തിലുള്ള അവരുടെ നിരുത്തരവാദിതപ്പെട്ടുറി ഇവിടെ ചോദ്യംചെയ്യാതെ തരമില്ല. തിരുവിതാംകൂറിൽ ബോട്ടുസർവ്വീസു് നടത്തുന്ന ചാലുകളിൽ രണ്ടു വശത്തായി കുറ്റികൾ തറച്ചിട്ടുണ്ടു്. അവിടവിടെയായി വിളക്കുകൾ രാത്രികാലങ്ങളിൽ വെച്ചുവരുന്നുണ്ടു്. ഇവിടെ നടത്തുന്ന സർവ്വീസുലൈനിൽ ഇങ്ങിനെയുള്ളയാതൊരു സൌകര്യങ്ങളും ചെയ്തുകൊടുത്തിട്ടില്ലാത്തതുകൊണ്ടാണു് ചാലിന്റെ ഏതു് ഭാഗത്തുകൂടിയാണു് പോകേണ്ടതെന്നറിയാതെ വല്ല സ്ഥലത്തുംകൂടി പോയിട്ടു ബോട്ടു പല സ്ഥലങ്ങളിലും ഉറച്ചുപോകാറു്. ഒരിക്കൽ നമ്മുടെ കൊച്ചി ദിവാൻജി കയറിപ്പോയ ബോട്ടു വഴിയറിയാതെ എവിടേയൊ ചെന്നുകയറുകയുണ്ടായി. തിരുവിതാംകൂറിലെപ്പോലെ ഒരു ചാലുപിടിക്കുവാൻപോലും ഇവിടത്തെ ഗവർമ്മെണ്ടു് ഉത്സാഹിക്കുന്നില്ല. ഗവർമ്മെണ്ടു് നേരിട്ടു നടത്തുന്ന ബോട്ടുകളാണെങ്കിൽ അതിനുവേണ്ടി ശരിയായ ചാലുകൾ ഉണ്ടാകാതിരിക്കുകയില്ല. നമ്മുടെ രാജ്യത്തുള്ള റോഡുകളുടെ സ്ഥിതി ആലോചിക്കുകയാണെങ്കിൽ ഇത്ര നിരുത്തരവാദപരമായ ആലസ്യം അവിടെക്ക കാണാം. ചെരിപ്പിട്ടു നടക്കുവാനോ, വെറുതെ നടന്നുപോകുവാനൊ, വണ്ടിയിൽ പോകുവനൊ സാധിക്കാത്തതരത്തിലുള്ള ഇത്തരം റോഡുകൾ മറ്റെവിടേയും കാണുവാൻ പ്രയാസമാണു്. ഇങ്ങിനെയുള്ള റോഡുകൾ നന്നാക്കുവാനായിട്ടും ഇവിടത്തെ ട്രാൻസ്പോർട്ടു് ഗവണ്മെണ്ടു് ഏറ്റെടുത്തു നടത്തണമെന്നാണു് ഞാൻ പറയുന്നതു്. ഈ ഉപക്ഷേപത്തെ നിയമസഭ അനുകൂലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ പി. ടി. ജേക്കബ്ബു്: സർ, ട്രാൻസ്പോർട്ടു സർവ്വീസു് ഗവണ്മെണ്ടു് ഏറ്റെടുത്തു നടത്തേണ്ടതു് ഏറ്റവും ആവശ്യമായിട്ടുള്ള ഒരു കാര്യമാണു്. ഇന്നു് ഏതൊരു പരിഷ്കൃത ഗവണ്മെണ്ടുകളും അതാതുരാജ്യങ്ങളിലെ ട്രാൻസ്പോർട്ടു സർവ്വീസുകളെല്ലാം കയ്യടക്കി വെച്ചിട്ടുള്ളതായി നമുക്കു കാണാം. നാം എപ്പോഴും കാര്യമായി എടുത്തു പറഞ്ഞുവരുന്ന അടുത്ത തിരുവിതാംകൂർ സംസ്ഥാനത്തെ നോക്കിയാൽ അവിടത്തെ ഗവണ്മെണ്ടു് ട്രാൻസ്പോർട്ടു കുത്തകയാക്കിട്ടുള്ളതായി കാണുവാൻ സാധിക്കും. ട്രാൻസ്പോർട്ടു കൈവശം വെച്ചുകൊണ്ടിരുന്നാൽ രാജ്യത്തുള്ള പലവിധ അഴിമതികളും ഇല്ലാതാക്കുവാൻ സാധിക്കുന്നതാണു്. നമ്മുടെ ഗവണ്മെണ്ടും അക്കാര്യത്തിൽ ഏതാണ്ടെല്ലാം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു് ഒരു സംസാരം പുറത്തു പരന്നിട്ടുണ്ടു്. എറണാകുളം മുതൽ ഷോർണ്ണൂർ വരെയുള്ള മോട്ടോർ ട്രാൻസ്പോർട്ടു് ഗവണ്മെണ്ടിൽ നിന്നു നടത്തുവാനുള്ള വല്ല ഉദ്ദേശവുമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിനു് എന്റെ മറുപടി പറയുന്ന സമയത്തു സമാധാനം പറയാം.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്: എറണാകുളം മുതൽ ഷൊറണ്ണൂർ വരെയുള്ള മോട്ടോർ ട്രാൻസ്പോർട്ട് നടത്തുവാൻ കൊച്ചിഗവമ്മെണ്ട് ആലോചിക്കുന്നതായി കേൾക്കുന്നു. എന്നാൽ അങ്ങിനെയുള്ള ഒരു പ്രത്യേക പദ്ധതി സ്വീകരിക്കുമ്പോൾ അതു് നാടിനും നാട്ടുകാർക്കും ഉത്തരവാദിത്വമുള്ള തരത്തിൽ, നാട്ടുകാർക്ക് അതിന്റെ കണക്കുകൾ അറിയുവാൻ സൌകര്യമാകുന്ന വിധത്തിൽ അതിനെ നിയന്ത്രിക്കുകയും ഉപയോഗപ്പെടുത്തുകയും വേണമെന്നാണ് എനിക്കു പറയുവാനുള്ളതു്. സൌത്തു് ഇൻഡ്യൻ റയിൽവെ കമ്പനിക്കാരോടു യോജിച്ചുകൊണ്ടു് അവരുടെ കണക്കു പുസ്തകത്തിൽ മാത്രം ചേർക്കാവുന്നവിധത്തിൽ കണക്കുകൾ വെച്ചുകൊണ്ടുള്ള ഒരു ട്രാൻസ്പോർട്ട് സംമ്പ്രദായം നമ്മുടെ നാട്ടിൽ ആവശ്യമില്ല. നമുക്കു് നമ്മുടെ നിയമസഭയിൽ ട്രാൻസ്പോർട്ട് കണക്കുകളെസംബന്ധിച്ചുള്ള കോട്ടങ്ങളും കുറവുകളും തീർക്കുവാൻ തക്ക സൌകര്യം കിട്ടത്തക്കതരത്തിൽ ഗവമ്മെണ്ടു് അങ്ങിനെ വിധേയമാക്കിവേണം നടത്തുവാൻ എന്നു് എനിക്കാവശ്യപ്പെടുവാനുണ്ടു്. എത്രയും ആവശ്യമായ ഈ ഉപക്ഷേപത്തെ പ്രജാമണ്ഡലം പാർട്ടിയുടെ പേരിൽ ഞാൻ അനുകൂലിക്കുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer):* Sir, the question of Government taking up a road and water transport system in the State was once examined and it is still under consideration. As a rule *prima facie* the reaction was that for Government to take up an industrial concern of this nature may not always be efficient and the service may not be economical. So that, the Government are considering several proposals. It is admitted that the present drawback of this transport system in the State is on account of the fact that several of the transport agencies are individuals and not connected with any organisation. As a result their finances are limited and so they are unable to maintain an efficient transport service. So the Government are examining this question as to whether it will be possible to have a merger of the larger interests of the present bus-owners and transport service people so that they can have a powerful organisation with the present services. If such an organisation can be developed it will be possible to have sufficient finances and this organisation will be able to maintain an efficient bus-service. At the same time, it may not have the disadvantages of a Government-owned State service in the matter of management and economy of operation. The Government are also considering whether such a merger will be possible in the water transport field also. That question also is being considered. But a more urgent need has now arisen on account of the dimunition in the number of train services between Ernakulam and Shoranur. So this question was raised by the people through so many petitions regarding the inconveniences to which they are put to on account of the dimunition in Railway services. So this question was referred to the South Indian Railway and they have suggested as an alternative to run bus service by them with the co-operation of the Government. That question is now being also considered. That is the position in which the Government find themselves in regard to this transport question. Firstly they are seeing whether a merger could be had and a good organisation for transport could be developed within the State itself by combining the various services now running in the State. In the same manner they are also trying to see whether a combination could be effected in the boat service and after this organisation is created, it will be possible to define the minimum standards of comfort and safety in regard to the several vessels or buses which will be used for these services.

Mr. M. K. Raja *(Mulakunnathukavu):* Sir, on a point of information, may I know whether the Cochin Government has received any communication from the Railway Department of the Government of India with regard to the transport co-ordination scheme which is being examined by the Government of India as was announced by the Member for Transport in the last session of the Central Legislative Assembly?

Mr. B. V. K. Menon *(Secretary to Government):* Yes, we have received.

Mr. M. K. Raja *(Mulakunnathukavu):* May the House know something about the communication.

Mr. B. V. K. Menon *(Secretary to Government):* I have not got the paper with me and I cannot say correctly. I want notice to say what exactly the terms are, but in general terms, it is that there should be co-ordination between the railway and road transport.

Mr. M. K. Raja *(Mulakunnathukavu):* May I know whether the Cochin Government has taken any decision in the matter?

Mr. B. V. K. Menon *(Secretary to Government):* No.

Cut motion, by leave, withdrawn

LIBRARY ARCHIVES Kerala Legislative Assembly